# തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

ചാത്തന്നൂർ പി.ഒ., പിൻ 679535 പാലക്കാട് ജില്ല, ഫോൺ : 0466 2258233

നമ്പർ.ജെ.സി-1 -7575/2022 തിയതി . 16/07/2025

പ്രേക്ഷിതൻ

സെക്രട്ടറി

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ജോയിന്റ് ഡയറകടർ,

തദ്ദേശ സ്വയംഭരണ വകുപ്പ്

പാലക്കാട്

സർ,

വിഷയം:- തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് - കെട്ടിട നമ്പർ അനുവദിച്ചില്ല എന്ന പരാതി സംബന്ധിച്ച്

സൂചന:- ശ്രീ. അബ്ദുൾ സലാം , ആലിക്കൽ പീടികയിൽ , ചാഴിയാട്ടിരി പീടികയിൽ , ചാഴിയാട്ടിരി എന്നവർ അങ്ങയുടെ ഓഫീസിൽ സമർപ്പിച്ച പരാതി

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധയെ സാധരം ക്ഷണിച്ചു കൊള്ളുന്നു.

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ വാർഡ് 10 ൽ ശ്രീ. അബ്ദുൾ സലാം , ആലിക്കൽ പീടികയിൽ , ചാഴിയാട്ടിരി എന്നവർ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് സാങ്കേതിക വിഭാഗം റിപ്പോർ ചെയ്തിട്ടുള്ളതാണ് കൂടാതെ ടിയാൻ കെട്ടിട നിർമ്മാണനമതി അനുവദിച്ചതിനേക്കാൾ അധികരിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് . 25/07/2019 , 23/05/2022 എന്നീ തീയ്യതിയിൽ പാലക്കാട് വച്ചു നടന്ന ജില്ലാതല അദാലത്തിൽ, ടിയാൻ പരാതി സമർപ്പിക്കുകയും പിഴ ഈടാക്കി അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് ടിയോനോട് അവശ്യപ്പെടുന്നതിന് തീരുമാനം ആയിട്ടുള്ളതുമാണ് . ആയതിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണം ക്രമവത്കരിക്കുന്നതിന് ടിയാനോട് പല പ്രാവശ്യം രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെ അപേക്ഷ സമർപ്പിച്ചില്ലാത്തതുമാണ്. ടി തീരുമാനത്തിനെതിരെ ടിയാൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ മുൻപാകെ 407/2021 നമ്പറായി അപ്പീൽ നൽകുകയും ആയതിൻ മേൽ

Scanned with OKEN Scanner

18/04/2024 തീയ്യതിക്ക് ടിയാൻ കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് ഉചിതമായ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനമായിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെയായി ടിയാൻ അപേക്ഷ സമർച്ചിട്ടില്ലാത്തതാണ് കൂടാതെ സൂചന പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അസിസ്റ്റന്റ് ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ് , പാലക്കാട് 02/07/2025 തീയ്യതിക്ക് സ്ഥലം പരിശോധനടത്തിയിട്ടുള്ളതുമാണ് എന്നുള്ള വിവരം അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചു കൊള്ളുന്നു

വിശ്വസ്തതയോടെ,

സെക്രട്ടറി.,

Secretary

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

THIRUMITTACODE GRAMA PANCHAYAT

THIRUMITTACODE GRAMA PANCHAYAT ★ Chathanur P.O., 679 535 ★

Scanned with OKEN Scanner